LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടവടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 18, ചൊവ്വ

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 21

നിയമസഭ 1986 നവംബർ 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെ. സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ആറാം പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന ദാരിദ്ര്യ നിർമ്മാർജ്ജനം

* 385. [413] ശ്രീ. ടി. കെ. ഹംസ :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. കെ. പി. അരവിന്ദാക്ഷൻ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറാം പദ്ധതിയിൽ ദാരിദ്ര്യം എത്രത്തോളം നിർമ്മാർജ്ജനം ചെയ്യാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ബി) പദ്ധതി പ്രവർത്തനത്തിന്റെ ഫലമായി എത്ര ശതമാനം ആളുകളെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) സംയോജിത ഗ്രാമവികസന പരിപാടി പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ സാമ്പത്തികോന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പരിപാടികളും മുതലായ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും വഴി ഏകദേശം 528,000 കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാനാണ് ആറാം പഞ്ചവൽസരപദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 6-ാം പദ്ധതിക്കാലത്ത് 597;000 കുടുംബങ്ങളെ ദാരിദ്ര്യ വിമുക്തരാക്കാൻ വേണ്ടി വരുമാനവർദ്ധന ഉറപ്പുവരുത്തുന്ന സാമ്പത്തിക പരിപാടികളും മുഖേന സഹായിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ഹംസ : സർ, ദാരിദ്ര്യരേഖ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ? കേരളത്തിൽ ഈ ദാരിദ്ര്യരേഖയ്ക്കു താഴെ എത്ര കുടുംബങ്ങളുണ്ടെന്ന് കണക്കാക്കി പറയാൻ സാധിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, ഇൻഡ്യാ ഗവൺമെൻറാണ് അതിനു മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്. 3,600 രൂപയിൽ താഴെ വരുമാനമുള്ള ആളുകളെ ദാരിദ്ര്യരേഖയ്ക്ക് താഴെയായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.

ശ്രീ. ടി. കെ. ഹംസ : സർ, കേരളത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എത്ര കുടുംബങ്ങളുണ്ടെന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. കെ. കരുണാകരൻ : സർ, കേരളത്തിൽ ശതമാനമറിയാൻ എക്സാക്ടായിട്ടുള്ള ഫിഗേഴ്സ് അറിയില്ല.

ശ്രീ. ടി. കെ. ഹംസ : സർ, കഴിഞ്ഞ നാലരക്കൊല്ലത്തിനിടയ്ക്ക് ഈ സംസ്ഥാന ഗവൺമെൻറിന്റെ പ്രവർത്തനഫലമായി ദാരിദ്ര്യരേഖയ്ക്കു താഴെക്കിടക്കുന്ന എത്ര കുടുംബങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട് ? ഏതെങ്കിലും സഹായധനം കൊടുത്ത കുടുംബങ്ങൾക്ക് അതു കൊണ്ട് നെഷ്ടം സംഭവിച്ചതായിട്ട് കണക്കാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : സർ, അതാണ് പറഞ്ഞത് അഞ്ചുലക്ഷത്തി തൊണ്ണൂറ്റി ഏഴായിരം കുടുംബങ്ങളെന്ന്.

ശ്രീമതി കെ. ആർ. ഗൗരി : സർ, അങ്ങ് ഉത്തരം പറഞ്ഞത് അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരം പേർക്ക് പൈസ കൊടുത്തുവെന്നാണ്. ചോദ്യം ചോദിച്ചത് എത്ര ശതമാനം ആളുകളെ ദാരിദ്ര്യ രേഖയ്ക്കു മുകളിലോട്ട് കൊണ്ടുവരാൻ കഴിഞ്ഞുവെന്നാണ്. അങ്ങ് പറഞ്ഞത് ഇത്ര പൈസ കൊടുത്തുവെന്നാണ്. ഞങ്ങൾക്കുന്ന ഇക്കണോമിക് റിവ്യൂവിൽ ദാരിദ്ര്യ രേഖയ്ക്ക് മുകളിലേക്ക് കൊണ്ടുവരണമെന്നുള്ള ഭൗതിക ലക്ഷ്യവും സാമ്പത്തികമായിട്ടുള്ള അതിന്റെ അച്ചീവ്മെൻറ്സും സാധിച്ചിട്ടില്ല എന്നുള്ള വിധത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് കഴിഞ്ഞ 6-ാം പദ്ധതിക്കാലത്ത് ദാരിദ്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ കഴിഞ്ഞത് എന്നു പറയുന്നത് എത്രയാണെന്ന് വ്യക്തമാക്കാൻ കഴിയുമോ ? ഇതിൽ പറഞ്ഞിരിക്കുന്നത് വളരെ Set backs ഉണ്ടായി എന്നാണ്. അതുകൊണ്ടാണ് ചോദിച്ചത്.

ശ്രീ. കെ. കരുണാകരൻ : സർ, ഇതിനെ സംബന്ധിച്ച് വിശദമായ ഒരു വിവരം ശേഖരിക്കുന്നതിനുവേണ്ടിയാണ് ഒരു സർവ്വേ കണ്ടക്ട് ചെയ്തിട്ടുള്ളത്. ആ സർവ്വേ കഴിഞ്ഞ് അതിന്റെ അടിസ്ഥാനത്തിൽ ശരിയായ അസെസ്സ്മെൻറ് ആയിട്ടില്ല. എങ്കിലും നാല് ലക്ഷത്തോളം ഉണ്ടെന്ന് അവരുടെ പ്രാഥമിക റിപ്പോർട്ടിൽ പറയുന്നുണ്ട്. പോരാതെ വരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവർക്ക് കുറച്ചുകൂടി സഹായം ചെയ്യേണ്ടതായിട്ടുണ്ട് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : സർ, ആ സർവ്വേയിൽ നിന്ന് ഞങ്ങൾ മനസ്സിലാക്കിയത് 3,600 രൂപയ്ക്ക് താഴെ എത്ര ആളുകളുണ്ട് എന്നുള്ള വിധത്തിൽ ഒരു സർവ്വേ നടത്തുകയായിരുന്നു, അല്ലാതെ ദാരിദ്ര്യ

LIBRARY ARCHIVES Kerala Legislative Assembly

രേഖയ്ക്കു മുകളിലോട്ട് എത്ര ആളുകൾ വന്നു എന്നുള്ള ഇവാലുവേഷൻ ഒന്നും നടത്തിയതിൽ അത് പിറകോട്ടടിച്ചിരിക്കുകയാണ് Set backs നടത്തിയതുമൂലം. അതുകൊണ്ട് ഇതിനെപ്പറ്റി ഇന്ന് എടുത്തിരിക്കുന്ന നടപടിക്രമം മറ്റ് വിധത്തിലേക്ക് നീക്കണമെന്നുള്ള വിധത്തിൽ ആണ് ഇത് എഴുതിയിരിക്കുന്നത്. അതുകൊണ്ടാണ് അങ്ങയോട് പിന്നേയും ചോദിച്ചത്. ഇന്ന് വച്ചിരിക്കുന്ന പരിപാടികൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലേക്ക് ആളുകളെ പെർമനന്റായിട്ട് കൊണ്ടുവരുന്നതിന് ഉപകരിക്കുന്നതല്ല എന്നു പറഞ്ഞാൽ എന്താണ് ?

ശ്രീ. കെ. കരുണാകരൻ : സർ, ഇവിടെ പറഞ്ഞു ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകളെ അതിന് മുകളിൽ കൊണ്ടുവരാനുള്ളതായ ധനസഹായം ചെയ്ത കാര്യം. എന്നാൽ സർവ്വെ നടത്തിയത് പൂർണ്ണമായി കഴിഞ്ഞു. ഭാഗികമായി കിട്ടിയതിൽനിന്നാണ് ഞാൻ പറഞ്ഞത് നാല് ലക്ഷത്തിൽ താഴെ ആളുകൾക്ക് മാത്രമേ കിട്ടിയിട്ടുള്ളൂ എന്ന്. അതുകൊണ്ട് 7-ാം പദ്ധതിയുടെ ഈ അവസരത്തിലും പോരാതെ വന്ന ആ Back - log പൂർത്തിയാക്കാൻവേണ്ടി ഇപ്പോഴുള്ള പുതിയ രീതിപ്രകാരം കൊടുക്കുന്നതിനു പുറമെ അഡീഷണലായിട്ട് അവരെ സഹായിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, സർവ്വെ നടത്തിയതനുസരിച്ച് ദാരിദ്രരേഖയ്ക്കു താഴേയുള്ള എത്ര കുടുംബങ്ങൾ ഇതിന് അർഹരായിട്ടുണ്ട് എന്നതിന്റെ സർവ്വെ നടത്തിയിട്ടാണ് അതിന്റെ ലിസ്റ്റ് ഉണ്ടാക്കിയത്. അതിൽ അഞ്ച് ലക്ഷത്തിതൊണ്ണൂറ്റിഏഴായിരത്തിൽ ശിഷ്ടം പേർക്ക് സഹായധനം കൊടുത്തുവെന്നാണ് അങ്ങ് പറയുന്നത് 6-ാം പദ്ധതിയിൽ ഈ സഹായധനം കൊടുത്തതിനുശേഷം ഇതിന്റെ വല്ല ഫിസിക്കൽ വെരിഫിക്കേഷനും നടത്തിയോ, എത്ര കുടുംബങ്ങൾക്ക് ദാരിദ്ര്യരേഖയ്ക്ക് മുകളിൽവരുന്നതിന് ഇത് സഹായകരമായിട്ടുണ്ട് എന്ന് കൃത്യമായി പ്ലാനിംഗ് കമ്മീഷനോ, സംസ്ഥാന ഗവൺമെന്റോ, ഏതെങ്കിലും ഏജൻസിയോ വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ : സർ, അതിനെ സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് പൂർത്തിയായിക്കഴിഞ്ഞിട്ടില്ല. ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആണ് ഞാൻ വിവരം നൽകിയത്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, സർവേ നടത്തിയത് ഈ സ്കീം അനുസരിച്ച് ബെനിഫിഷറീസ് ആകുന്നതിന് അർഹതപ്പെട്ട എത്ര കുടുംബങ്ങൾ ഉണ്ടെന്നതിനെ സംബന്ധിച്ചാണ് നമ്മുടെ സംസ്ഥാനത്ത് സർവ്വേ നടത്തിയത്. അതനുസരിച്ച് അവർക്ക് സഹായധനം കൊടുത്തു. അഞ്ച് ലക്ഷത്തിൽപ്പരം കുടുംബങ്ങൾക്ക് കൊടുത്തു എന്ന് അങ്ങ് അവകാശപ്പെടുന്നു. എന്റെ ചോദ്യം ഈ സഹായധനം ലഭിച്ചതിനുശേഷം എത്ര കുടുംബങ്ങൾക്ക് ദാരിദ്ര്യരേഖയ്ക്കു മുകളിൽ വരുന്നതിന് സഹായകമായിട്ടുണ്ട്. ആ രീതിയിൽ ഏതെങ്കിലും പരിശോധനയോ വെരിഫിക്കേഷനോ സംസ്ഥാന ഗവൺമെന്റോ പ്ലാനിംഗ് കമ്മീഷനോ പ്ലാനിംഗ് സെല്ലോ ആരെങ്കിലും നടത്തിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്റെ ഫലമെന്താണെന്നാണറിയേണ്ടത് ? സർവ്വേ നടത്തി എന്നുള്ളതിന്റെ പേരിൽ ലിസ്റ്റ് ഉണ്ടാക്കാൻ മാത്രമാണോ ?

ശ്രീ. കെ. കരുണാകരൻ : സർ, സർവ്വേ നടത്തിയിട്ടുള്ളത് ദാരിദ്ര്യരേഖയ്ക്കു മുകളിൽ വന്നിട്ടുണ്ടോ ഇല്ലെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ നിന്നാണ്, എന്താണ് ഇതിന്റെ കാരണമെന്നാണ് സർവ്വേ നടത്തിയിട്ടുള്ളത്. അപ്പോഴാണ് സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ നാല് ലക്ഷത്തിൽ താഴെയുള്ള, ബാക്കിയുള്ളത് നികത്തുന്നതിനുവേണ്ടി സഹായ

LIBRARY ARCHIVES Kerala Legislative Assembly

ധനം കൂടുതലായിട്ട് കൊടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് വിശദമായ സർവ്വേ നടത്തി അതിന്റെ പഠനത്തിനുശേഷം ചെയ്യാം. ഈ അടുത്ത അവസരത്തിൽ ആണ് ഇത് നടത്തിയിട്ടുള്ളത് എന്നറിയാം. ആദ്യം ഒരു ബ്ലോക്കിൽ 600 കുടുംബങ്ങൾക്ക് ആണ് നിശ്ചയിച്ചിരുന്നത്. ആ പദ്ധതിയനുസരിച്ച് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുഴുവൻ ആളുകളേയും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ സാധിക്കുമെന്നുള്ളതല്ല. പടിപടിയായി കുറച്ചുകൊണ്ടുവരികയാണ്. അതു കൊണ്ടാണ് ഏതാണ്ട് 37 ശതമാനത്തോളം ഉണ്ടായിരുന്ന കേരളത്തിൽ 27 ശതമാനത്തിൽ താഴെയുള്ളു എന്ന് കണക്കുപറയുന്നത്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, സർവ്വേയാണ് ആധാരമായിട്ടെടുക്കുന്നതെങ്കിൽ 5-ാം പദ്ധതിയിൽ നടത്തിയ കണക്കുകളേക്കാൾ കൂടുതൽ ആണ് 6-ാം പദ്ധതിയിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ സർവ്വേ അനുസരിച്ചുള്ള കണക്കെന്ന് സർക്കാർ സമ്മതിക്കുന്നത് അനുസരിച്ച് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ എണ്ണം കൂടി വരികയാണ് നമ്മുടെ സംസ്ഥാനത്ത് എന്ന് ഈ സർവ്വേയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് മനസിലാക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അതിന് എന്താണ് ഒരു പ്രത്യേക പരിഹാരം?

ശ്രീ. കെ. കരുണാകരൻ : സർ, മറിച്ചാണ്, 6-ാം പഞ്ചവൽസരപദ്ധതിയിൽ കുറവാണ് വന്നിട്ടുള്ളത്.

ശ്രീ. എം. ജിനദേവൻ : സർ, 6-ാം പദ്ധതി ആരംഭത്തിൽ കേരളത്തിലെ ജനസംഖ്യയിൽ എത്ര ശതമാനം ആളുകൾ ഈ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിട്ടുണ്ടായിരുന്നു? 6-ാം പദ്ധതിയുടെ അവസാന സമയത്ത് കേരളത്തിലെ ജനസംഖ്യയുടെ എത്ര ശതമാനം ആളുകൾ ദാരിദ്ര്യരേഖയ്ക്കു താഴെയുണ്ടെന്ന് ഒന്ന് പറയാമോ ?

ശ്രീ. കെ. കരുണാകരൻ : സർ, 6-ാം പദ്ധതി തുടങ്ങുന്നതിനുമുമ്പുള്ള അസെസ്മെന്റ് അനുസരിച്ച് 37 ശതമാനത്തോളം വരുമെന്നാണ്. ഇപ്പോൾ 26.8-ഓ മറ്റോ ആണ്.

ശ്രീ. എം. ജിനദേവൻ : സർ, 7-ാം പദ്ധതിക്കാലത്ത് ഈ കാര്യത്തിൽ എങ്ങനെയാണ് ലക്ഷ്യമിട്ടിരിക്കുന്നത്, ഇപ്പോൾ 27 ശതമാനമെന്നു പറഞ്ഞത്, 7-ാം പദ്ധതിക്കാലത്ത് ഇത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ലക്ഷ്യം, എത്ര ശതമാനം ആളുകളെ ഈ അഞ്ചു വർഷംകൊണ്ട് ദാരിദ്ര്യരേഖയ്ക്കു മുകളിൽ കൊണ്ടുവരണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് പറയാമോ ?

ശ്രീ. കെ. കരുണാകരൻ : സർ, 600 കുടുംബങ്ങൾ എന്നുള്ളത് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ബഹുമാനപ്പെട്ട ഗൗരിയമ്മ ഉന്നയിച്ചത് ഈ ഇക്കണോമിക് റവ്യൂവിലെ സർവ്വേയിൽ അതിന്റെ ഇവാല്യുവേഷൻ നടത്തിയതിൽ 6-ാം പദ്ധതിക്ക് ലക്ഷ്യമിട്ടിരുന്നത് നേടാൻ കഴിഞ്ഞിട്ടില്ല, ഇന്ന് അത് പരാജയമാണെന്നാണ് ഇവിടെ രേഖപ്പെടുത്തിയത് ചൂണ്ടിക്കാണിച്ചത്. അതിനല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്നത് ഇപ്പോൾ ഒരു ഇവാലുവേഷൻ കണക്കെടുപ്പ് നടത്തിയതാണ്. ആ സർവ്വേ നടത്തിയത് 6-ാം പദ്ധതിയിൽ സഹായിച്ച എത്ര പേർ ദാരിദ്ര്യരേഖയ്ക്കു മുകളിൽ വന്നു എന്നുള്ളതിന്റെ പരിശോധനയല്ല നടന്നത്. ആ പുരി ശോധനയുടെ കേന്ദ്ര ഗവൺമെൻറിന്റെ ഗൈഡ് ലൈൻസ് ഒക്കെ ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെടുത്തുള്ളതാണ്. ആ ഗൈഡ് ലൈൻസ് ഇപ്പോഴും 3,600 രൂപയിൽ താഴെ വാർഷികവരുമാനമുള്ളവരും, ഐ. ആർ. ഡി. പി. സഹായം ലഭ്യമാകാൻ അർഹതയുള്ളവരും ഓരോ ബ്ലോക്കിൽ എത്രയുണ്ടെന്ന് ഉള്ളതിന്റെ ഒരു സർവ്വേയാണ് നടന്നത്. ഇവിടെ ചോദ്യം 6-ാം പദ്ധതിയിൽ എന്തായിരുന്നു ലക്ഷ്യം, ആ പ്രവർത്തനത്തിന്റെ ഫലമായിട്ട് എത്ര ആളുകളെ ദാരിദ്ര്യരേഖയ്ക്കു മുകളിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്നാണ്. ഇപ്പോഴും നടന്നു എന്നു പറയുന്ന സർവ്വേ എത്രപേർ സഹായം അർഹിക്കുന്നുണ്ട് എന്ന് പരിശോധിക്കൽ മാത്രമാണ്. ഇത് 12 ദിവസം മുമ്പ് നോട്ടീസ് തന്ന ചോദ്യമാണ്. ഇതിനുള്ള മറുപടി പറയണം. 6-ാം പദ്ധതിക്കാലത്ത് സഹായിച്ച എത്രപേരെ ദാരിദ്ര്യരേഖയ്ക്കു മുകളിൽ കൊണ്ടുവരാൻ കഴിഞ്ഞു? ഇല്ലെങ്കിൽ ഇല്ലെന്നു പറയണം. ഇപ്പോഴും നടത്തിയ സർവ്വേ അതല്ല.

ശ്രീ. കെ. കരുണാകരൻ : സർ, ചോദ്യം അതല്ല. ചോദ്യം പദ്ധതി പ്രവർത്തനത്തിന്റെ ഫലമായി എത്ര ശതമാനം ആളുകളെ ദാരിദ്ര്യരേഖയ്ക്കു മുകളിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്നാണ്.

സർ, 10 ശതമാനത്തെ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്നാണ് കണക്ക് കാണുന്നത്.

ശ്രീ. ഇ. കെ. നായനാർ : സർ, അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരം കുടുംബങ്ങളെ ദാരിദ്ര്യരേഖയിൽനിന്ന് മുകളിലോട്ട് കൊണ്ടുവന്നു എന്നാണ് മുഖ്യമന്ത്രി ഇവിടെ മറുപടി പറഞ്ഞത്. എന്നാൽ ഡോ. പി. കെ. ഗോപലകൃഷ്ണന്റെ ഡവലപ്പ്മെന്റ് ഓഫ് ഹിസ് എക്സ്പീരിയൻസ് 1985 വരെ' എന്ന പുസ്തകത്തിൽ എക്കണോമിക് ഡവലപ്പ്മെന്റിനെ സംബന്ധിച്ചു പറയുന്നത് 40 ശതമാനത്തോളം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് കീഴെയാണ് എന്നാണ് 40 ശതമാനത്തോളംപേർ ദാരിദ്ര്യരേഖയ്ക്ക് കീഴെ എന്നുപറയുമ്പോൾ രണ്ടേമുക്കാൽക്കോടി ജനങ്ങളുള്ള കേരളത്തിൽ ഒരു കോടിയിൽപ്പരം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് കീഴെ എന്നാണ്. ഒരു കോടി എന്നു പറഞ്ഞാൽ നൂറു ലക്ഷം. അങ്ങനെ ഒരു കോടിയിൽപ്പരം ആളുകൾ ദാരിദ്ര്യരേഖയ്ക്ക് കീഴെ ജീവിക്കുമ്പോൾ ആറാം പദ്ധതിക്കാലത്ത് 5 ലക്ഷത്തി 97 ആയിരം ആളുകളെ ദാരിദ്ര്യരേഖയിൽനിന്ന് ഉയർത്താൻസാധിച്ചുവെന്ന് മുഖ്യമന്ത്രി ഇവിടെപറഞ്ഞു. അതായത് ആറു ലക്ഷത്തോളം ആളുകൾക്ക് വായ്പ കൊടുക്കുകയാണു ചെയ്തത്. ഡോ. പി. കെ. ഗോപലകൃഷ്ണന്റെ പുസ്തകത്തിലെ 81-ാം പേജിൽ പറഞ്ഞിരിക്കുന്നത് 40 ശതമാനത്തോളം ആളുകൾ കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്നാണ്. അത്രയും ഈ കാലത്ത് വന്നിട്ട് 5 ലക്ഷത്തി 97 ആയിരംപേർക്ക് കുറച്ചു കടം കൊടുത്തു എന്നുള്ളതാണ്. യഥാർത്ഥത്തിൽ ദാരിദ്ര്യരേഖയ്ക്കു മുകളിൽ ഉയർത്തി സ്ഥിരമായി ജീവിക്കാൻ സാഹചര്യമുണ്ടാക്കി 3,600 രൂപയിലധികം കൊടുത്തവർ എത്രപേരുണ്ടെന്നുള്ളത് ഒന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ : സർ, പ്ലാനിംഗ് കമ്മിഷൻ ആധികാരികമായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള രേഖയിൽ കേരളത്തിൽ ഇന്ന് 37 ശതമാനമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതുകൊണ്ട് നൂറു ലക്ഷമെന്നു പറയുന്നത് ശരിയല്ല.

ശ്രീ. ബേബിജോൺ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു 37 ശതമാനത്തിൽനിന്ന് 27 ശതമാനമായി എന്ന്. എന്നാൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഞങ്ങൾക്ക് തന്ന പുസ്തകത്തിൽ 50 ശതമാനത്തിലേറെ ആളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്നു പറഞ്ഞു. പ്ലാനിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിലെ ഒരു മെമ്പറിന്റെ പേരിൽ വന്ന ഒരു പുസ്തകത്തിൽ അത് 40 ശതമാനത്തിലേറെയാണെന്നു പറഞ്ഞു. ഞങ്ങൾക്ക് എക്കണോമിക് റിവ്യൂവിൽ ഇവാല്യുവേഷൻ നടത്തിയിട്ട് It has not acheved the object എന്നും പറഞ്ഞിരിക്കുന്നു. അപ്പോഴും പിന്നെ ഏതു കണക്കാണു സർ, ശരിയെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, ഞാൻ അത് വളരെ ക്ലീയറായിട്ട് പറഞ്ഞു. ലക്ഷ്യമിട്ടത് ഒരു ബ്ലോക്കിൽ 600 കുടുംബം വീതമാണ്. അത് ഇന്ന്.....

ശ്രീ. ബേബി ജോൺ : സർ, ഏതു കണക്കാണു ശരി ?

ശ്രീ. കെ. കരുണാകരൻ : സർ, പ്ലാനിംഗ് കമ്മിഷൻ പ്രസിദ്ധപ്പെടുത്തുന്ന കണക്കാണ് ശരി.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഇവിടെ 'എക്കണോമിക് റിവ്യൂ'വിൽ പറയുന്നത് "The concurrent evaluations and impact studies conducted in the State indicated that the programme has not helped to achieve its objective" അതിനു കാരണമായി പറഞ്ഞിരിക്കുന്നത് സെലക്ഷനിലുള്ള പോരായ്മ, ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് ഉണ്ടാക്കാതിരിക്കുക അനർഹരായ ആളുകൾക്ക് കൊടുക്കുക തുടങ്ങിയ കാരണങ്ങളാൽ നമ്മുടെ സംസ്ഥാനത്തിലെ ഈ പ്രവർത്തനം പരാജയപ്പെട്ടു എന്ന് എക്കണോമിക് റിവ്യൂ 1985 രേഖാമൂലം ഇവിടെ തന്നെ നിലയ്ക്ക് മുഖ്യമന്ത്രി ഇതു പരിശോധിച്ചിട്ടുണ്ടോ? പരിശോധിച്ചതിനുശേഷമുള്ള പുതിയ തിരുത്തലാണോ മുഖ്യമന്ത്രി കണക്കുകൾ വച്ച് പറഞ്ഞിരിക്കുന്നത് ?

ശ്രീ. കെ. കരുണാകരൻ : സർ, കേരളത്തിലെ 1980-81-ലെ ലക്ഷ്യം 86,400 കുടുംബങ്ങളായിരുന്നു, അച്ചീവ് ചെയ്തത് 58,992. 1981-82-ലെ ലക്ഷ്യം 86,400 കുടുംബങ്ങൾ, അച്ചീവ് ചെയ്തത് 96,832. 1982-83-ലെ ലക്ഷ്യം 86,400 കുടുംബങ്ങൾ, അച്ചീവ് ചെയ്തത് 1,27,798. 1983-84-ലെ ലക്ഷ്യം 90, 600 കുടുംബങ്ങൾ, അച്ചീവ് ചെയ്തത് 1,20,547. 1984-85-ലെ ലക്ഷ്യം 96,600 കുടുംബങ്ങൾ, അച്ചീവ് ചെയ്തത് 1,04,086. ഇതാണ് പണം കൊടുത്തതുകൊണ്ടുള്ള ബെനിഫിറ്റ്. ദാരിദ്ര്യരേഖയ്ക്ക് താഴെ വന്ന ആളുകളെ തിട്ടപ്പെടുത്തുന്ന കാര്യത്തിൽ ഞാൻ അതിന്റെ മറ്റു വശങ്ങളിലേക്ക് പോകുകയല്ല. ഒരു സർവ്വേ നടത്തിയിട്ടാണിത് ചെയ്യുന്നത്. പൊതുവേ ഓരോ വീട്ടിലും ദാരിദ്ര്യമുണ്ട്. റാൻഡം സാമ്പിൾ പ്ലാനിങ്ങ് കമ്മിഷൻ എടുത്തിട്ട് സ്റ്റേറ്റ് ഗവൺമെന്റാണിത് ചെയ്യുന്നത്. ആ നിലയിലെടുത്തു വന്നപ്പോൾ കേരളത്തെ സംബന്ധിച്ചിടത്തോളം ലക്ഷ്യമിട്ടിരുന്നതിൽ ചെറിയ ഒരു ശതമാനം കുറവു വന്നിട്ടുണ്ട്. അവർക്ക് പൂർണ്ണമായി ചെയ്തിട്ടില്ല. അത് പൂർണ്ണമാക്കുന്നതിനുവേണ്ടിയാണ് അഡീഷണലായിട്ട് കൊടുക്കാൻ വീണ്ടും തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ചോദ്യം അതല്ല. എത്ര ബെനിഫിഷറീസിന് നിങ്ങൾ അനുവദിച്ചുവെന്നല്ല? അനുവദിച്ചതിന്റെ ഫലമായി എത്രപേരുടെ കുടുംബത്തിന് സാമ്പത്തികമായി ഉന്നതി ഉണ്ടായിട്ടുണ്ട്, അത് പ്രയോജനപ്പെട്ടിട്ടുണ്ടോ, ദാരിദ്ര്യരേഖയിൽനിന്ന് അവരെ മുകളിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ എന്നാണ് ചോദ്യം ?

ശ്രീ. കെ. കരുണാകരൻ : സർ, ഈ കൊടുത്തതിന്റെ പരിധിയ്ക്കനുസരിച്ച് ഉന്നമനമുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ആറാം പദ്ധതി അവസാനിക്കുമ്പോൾ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ ലക്ഷ്യമിട്ടിരുന്ന കുടുംബങ്ങൾക്ക് വായ്പ കൊടുത്തതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ വർഷംതോറും അവരുടെ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രത്യേക സർവ്വേ നടത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : സർ, അതുകൊണ്ട് ഏതെങ്കിലും വിധത്തിൽ കുറവു വന്നിട്ടുണ്ടോയെന്നു പരിശോധിച്ചിട്ടാണ് കുറവു വന്നിട്ടുണ്ടെന്നു മനസ്സിലാക്കി ആ കുറവു നികത്താൻ നടപടി സ്വീകരിച്ചുവെന്നു പറഞ്ഞത്.

ശ്രീ. ഒ. ഭരതൻ : സർ, ദാരിദ്ര്യരേഖയ്ക്ക് തഴെ ജീവിക്കുന്നവരെന്നു പറയുമ്പോൾ പ്രതിവർഷം 3,600 രൂപയിൽ കീഴെ വരുമാനമുള്ളവരാണ് നിർണ്ണയിക്കപ്പെട്ടിട്ടുള്ളതെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. 3,600 രൂപയായിട്ട് തീരുമാനിച്ചത് ഏതുവർഷത്തിലാണ്. ആ വർഷവും ഇപ്പോഴത്തെ കാലവുമായിട്ട് താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഉറുപ്പികയുടെ മൂല്യത്തിന് എത്ര കണ്ട് ശോഷണം സംഭവിച്ചിട്ടുണ്ട്?

ശ്രീ. കെ. കരുണാകരൻ : സർ, 1980-ൽ തീരുമാനിച്ചത് 3,600 രൂപയാണ്. ഇപ്പോൾ അത് 4,800 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ ആറാം പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ഫലപ്രാപ്തിയിൽ എത്തുന്നില്ലെന്ന് നിരവധിരേഖകൾ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ അതായത് 3,600 രൂപയിൽ താഴെ വരുമാനമുള്ള ആളുകളെ ആ പട്ടികയിൽനിന്നു മാറ്റി ദാരിദ്ര്യരേഖയിൽനിന്ന് അവരെ മോചിപ്പിച്ചുവെന്ന് വരുത്താൻ 3,600 രൂപയെന്നതുതന്നെ അതിലും സംഖ്യ കുറച്ച് ദാരിദ്ര്യരേഖ ഒന്നു താഴ്ത്തി ഇവരെ മുന്നോട്ടു കൊണ്ടുപോകാൻ കേന്ദ്രഗവൺമെന്റ് ആലോചിക്കുന്നുവെന്ന് ചില പ്രസ്താവനകൾ വരികയുണ്ടായി. അതിനെക്കുറിച്ച് എന്തെങ്കിലും വിവരം ഗവൺമെന്റിനുണ്ടോ ; അങ്ങനെ 3,600 എന്ന സംഖ്യ കുറച്ചിട്ട് ദാരിദ്ര്യരേഖയ്ക്ക് മേലെ അവരെ ഉയർത്തി എന്നു പറയുന്നതുകൊണ്ട് എന്തെങ്കിലും ഈ രാജ്യത്ത് പ്രയോജനമുണ്ടാകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, ഇത് നിഗമനത്തിലെത്തുന്നത് ഓരോ കണക്കാണ്. ആദ്യം അത് 300 രൂപയ്ക്ക് താഴെ ഒരുമാസം വരുമാനമുണ്ടെങ്കിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ എന്നാണ് കണക്കാക്കിയിരുന്നത്. പിന്നീട് അത് വർദ്ധിപ്പിച്ച് 4,800 വരെയാക്കി. ഇപ്പോൾ അത് 6,000 രൂപയാക്കി വർദ്ധിപ്പിച്ചു.

ശ്രീ. എ.വി. താമരാക്ഷൻ : സർ, ഈ 6-ാം പദ്ധതിക്കാലത്ത് 5,97,000-ത്തിൽപ്പരം കുടുംബങ്ങൾക്ക് സാമ്പത്തികസഹായം കൊടുത്തുവെന്നും ആ കുടുംബങ്ങളെല്ലാംദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തി എന്നുമാണ് മുഖ്യമന്ത്രി പറഞ്ഞത്. എന്നാൽ ഈ 6-ാം പദ്ധതിക്കാലത്ത് സംസ്ഥാനഗവൺമെന്റ് ഐ.ആർ.ഡി.പി. പദ്ധതി മുഖേന ഗ്രാന്റായും ലോണായും ഒരു കുടുംബത്തിന് കൊടുത്തത് ശരാശരി 1,200 രൂപയ്ക്ക് താഴെയാണെന്ന് സംസ്ഥാനഗവൺമെന്റ് തന്നെ അംഗീകരിച്ചിരിക്കെ ഈ 1,200 രൂപയുടെ ഇൻവെസ്റ്റുമെന്റിൽനിന്നും ഒരു കുടുംബത്തിന് 3,600 രൂപ വാർഷികവരുമാനം ഉണ്ടാക്കാൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ? ഗവൺമെന്റ് അങ്ങനെ കരുതുന്നത് തെറ്റല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : സർ, ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന ആളുകൾ എന്നുപറഞ്ഞാൽ ഒരു വരുമാനവുമില്ലാതെ പട്ടിണി കിടക്കുന്ന ആളുകളല്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകളെ സംബന്ധിച്ച് ദാരിദ്ര്യരേഖ കണക്കാക്കിയിട്ടുള്ളത് അന്ന് 300 രൂപ വരുമാനമുള്ള ആളുകളെ ആണ്. ആ 300 രൂപ വരുമാനം എത്തിക്കുന്നതിന് ആവശ്യമായ സഹായങ്ങളാണ് ഇന്ന് ചെയ്യുന്നത്. അല്ലാതെ ഓരോരുത്തർക്കും 300 രൂപയിൻമേൽ വർദ്ധിപ്പിക്കാനല്ല. ഓരോ കുടുംബത്തിനും ആ നിശ്ചിതതോതിൽ മുകളിൽ വരുന്നതിനുള്ള സാമ്പത്തികസഹായം ചെയ്യുകയാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ഇപ്പോൾ 3,600 രൂപ ദാരിദ്ര്യരേഖക്കുള്ള പരിധിയായി നിശ്ചയിച്ചത് പിന്നീട് 4,500 രൂപയായും ഇപ്പോൾ അത് 6,000 രൂപയായും വർദ്ധിപ്പിച്ചിരിക്കുന്നതായി മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. ഇത് ശരിയാണെങ്കിൽ 3,600 രൂപ നിലനിന്നകാലത്ത് ദാരിദ്ര്യരേഖയുടെ മുകളിൽ വന്നുവെന്ന് കരുതപ്പെടാവുന്ന ആളുകൾപോലും പുതിയ കണക്കനുസരിച്ച് ദാരിദ്ര്യരേഖയുടെ താഴെയാകും എന്നുള്ള കാര്യം ഗവൺമെൻറ് കണക്കാക്കിയിട്ടുണ്ടോ ? അങ്ങനെ വരുമ്പോൾ ഈ ദാരിദ്ര്യരേഖയുടെ താഴെയുള്ളവരുടെ എണ്ണം എത്രകണ്ട് വർദ്ധിക്കുമെന്ന് പറയാമോ ?

ശ്രീ. കെ. കരുണാകരൻ : സർ, നമ്മൾ ഓരോ വർഷം കഴിയുന്തോറും വരുമാനത്തെ സംബന്ധിച്ചുള്ള ആവശ്യങ്ങൾ കൂടുകയും അതിൻെറ തോതിൽ മാറ്റങ്ങൾ ചെയ്യുകയുമാണ്. 1980-ൽ 300 രൂപ കൊണ്ട് ജീവിക്കുന്ന ഒരു കുടുംബം ദാരിദ്ര്യരേഖയ്ക്ക്....300 രൂപയുടെ മുകളിലാണ് എങ്കിൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലാണ്. എന്നാൽ ഈ സ്റ്റാൻഡേർഡിൽ ഇന്ന് ജീവിക്കുന്നതിന് ആ സഹായം പോരായെന്ന് കണ്ടിട്ടാണ് ഇന്നത്തെ നിലയിൽ അത് ആറായിരമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്.

ഗ്രാമീണ ക്ഷീരവികസന പ്രവർത്തനങ്ങൾ

* 386. [414] ശ്രീ. കെ. മുഹമ്മദാലി :
,, കെ. കെ. തോമസ് :
,, കെ. രാഘവൻ മാസ്റ്റർ :
,, രാഘവൻ പൊഴക്കടവിൽ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ക്ഷീര വികസന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇപ്പോൾ ഈ രംഗത്ത് എത്ര ക്ഷീര വികസന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു ;

(സി) ഈ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ എന്തെല്ലാം ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ,

(എ) 1. ശാസ്ത്രീയ ക്ഷീരവികസനപ്രവർത്തനങ്ങളിൽ കർഷകരെ ബോധവാൻമാരാക്കുന്നതിനും പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും 73 ഡെയറി എക്സ്റ്റൻഷൻ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

2. കൂടുതലായി പ്രാഥമിക ക്ഷീരസഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. കൃത്രിമ ബീജദാനകേന്ദ്രങ്ങൾ വഴി സങ്കരയിനം പശുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly